# എൻ. വി.കവിതകളിലെ പരിസ്ഥിതി

ഡോ. എം. ഹേമമാലിനി

സാഹിത്യത്തിൽ പ്രകൃതി എന്നും ഒരു സുപ്രധാന സാന്നിധ്യമാണ്. സാഹിത്യകാരന്റെ കാലദേശങ്ങൾ കൃതികളിലെ പ്രകൃത്യാവിഷ്കാരങ്ങൾക്കു ഭേദം വരുത്തുന്നു.കാളിദാസൻ പ്രകൃതിയുമായുള്ള മെരുക്കത്തെ ഉപാസിക്കുമ്പോൾ റൂസ്സോവും തോറോയും പ്രകൃതിയുടെ വന്യതയെയാണ് ഉപാസിയ്ക്കുന്നത്. ഉപാസനാമൂർത്തിയായും കഥാപാത്രമായും സഹചാരിയായും പശ്ചാത്തലമായും പ്രകൃതി സാഹിത്യത്തിൽ പ്രത്യക്ഷപ്പെടുന്നു. മലയാളത്തിലെ നാടോടിസാഹിത്യത്തിൽ ജന്തുലോകവും സസ്യലോകവും മനുഷ്യസ്വഭാവങ്ങളുടെ തിളക്കമുള്ളവയാണ്.

സാഹിത്യത്തിൽ പ്രകൃതി ഏറ്റവും അധികം പ്രകീർത്തിക്കപ്പെടുന്നത് കാല്പനികപ്രസ്ഥാനത്തിലാണ്. ക്ലാസിക് കൃതികളിൽ പ്രകൃതി നിയമവിധേയമായി നടത്തുന്ന വർണ്ണനയിലെ വർണ്ണ്യവസ്തുവാണ്. ആത്യന്തികമായും മനുഷ്യകേന്ദ്രിതമായ കാല്പനിക കൃതികളിൽ മനുഷ്യനു അഭിരമിക്കുവാനും ആസ്വദിക്കുവാനുമുള്ള വസ്തുവായി പ്രകൃതി ആഖ്യാനം ചെയ്യപ്പെടുന്നു. റിയലിസ്റ്റിക് കൃതികളിൽ പ്രകൃതി- സ്ഥലം- സാമൂഹ്യ ഭൂമികകളാണ്. ആധുനിക സാഹിത്യത്തിൽ പരാമർശിക്കുന്ന പ്രകൃതി അഥവാ ഇടം അധികാരം, രാഷ്ട്രീയം, സമ്പദ്ഘടന ഇവയുമായി ബന്ധപ്പെട്ട് നിൽക്കുന്നു. ഇവയിൽ ആവിഷ്കരിക്കുന്ന ഭൂഭാഗപശ്ചാത്തലം കൃതിയിൽ പരാമർശിക്കുന്ന സംഭവങ്ങൾക്ക് സാംസ്കാരികവും ചരിത്രപരവുമായ പശ്ചാത്തലം ഒരുക്കുന്നു. ഇന്നു കാല്പനികതയുടെ പരിവേഷത്തിലല്ല പ്രകൃതിയെ ആവിഷ്കരിക്കുന്നത്. കാരണം ഇന്നു സാഹചര്യങ്ങൾ ഏറെ മാറിയിരിക്കുന്നു. ശാസ്ത്രത്തിന്റെ വളർച്ച, ആണവവിപത്തുകളുടെ സാധ്യത, ജൈവ അസന്തുലിതാവസ്ഥ, മലിനവും ഉറവ വറ്റിയതുമായ നീരൊഴുക്കുകൾ നാശോന്മുഖമായ വനസ്ഥലികൾ ഇതെല്ലാം ചേർന്ന് ഭൂമിയുടെ അരക്ഷിതാവസ്ഥ ഈ സന്ദർഭങ്ങളെ അറിഞ്ഞു കൊണ്ടുള്ള പാരിസ്ഥിതിക അവബോധത്തിൽ അധിഷ്ഠിതമായ ഒരു സാഹിത്യ ധർമ്മമാണ് പ്രകൃതി പരാമർശങ്ങളിൽ അനുവർത്തിക്കേണ്ടത്. മനുഷ്യജീവിതവുമായി ആന്തരലയത്തിലുള്ള പ്രകൃതിയെ മാറിനിന്നു വർണ്ണിക്കുകയല്ലേ വേണ്ടതെന്നു ഇന്നത്തെ എഴുത്തുകാർ തിരിച്ചറിയുന്നുണ്ട്.

1978-80 കാലഘട്ടങ്ങളിൽ സൈലന്റ് വാലി സംരക്ഷണ പ്രതിരോധങ്ങളിൽ പങ്കുചേർന്ന് കൊണ്ടാണ് മലയാളത്തിൽ സാഹിത്യകാരന്മാർ ഭാവുകത്വത്തെ പാരിസ്ഥിതിക പ്രവർത്തന മേഖ

ലകളിലേയ്ക്കു വ്യാപിപ്പിച്ചത്. സാഹിത്യകാരന്മാരും ശാസ്ത്രകാരന്മാരും ഒരുമിച്ച് ഈ പ്രർത്തനം 'പ്രകൃതി സംരക്ഷണ സമിതി' യ്ക്ക് രൂപം നൽകി. ഇക്കാലത്ത് 'വനപർവ്വം' എന്ന കവിതാസമാഹാരം പുറത്തിറങ്ങി. ഈ പ്രവർത്തനങ്ങളുടെയെല്ലാം ഊർജ്ജസ്രോതസ്സ് എൻ. വി കൃഷ്ണവാരിയരായിരുന്നു.

എൻ.വിക്കവിതകളിലെ പരിസ്ഥിതിയെക്കുറിച്ച് ചിന്തിക്കുമ്പോൾ ഈ മുന്നറിവുകൾ പ്രധാനമാണ്. 'വനപർവ്വ' കവിതകളെ തുടർന്ന് 1980 കളിൽ മലയാളത്തിൽ ഈ പ്രമേയം കൈകാര്യം ചെയ്യുന്ന ധാരാളം കഥകളും കവിതകളും ഉണ്ടായി. 90 കളിലാകട്ടെ പരിസ്ഥിതി മലയാള സാഹിത്യത്തിന്റെ മുഖ്യധാരയായി തന്നെ മാറുന്നു. ഇവയിൽ എൻ. വി ക്കവിതകൾ എണ്ണം കൊണ്ട് വളരെ പരിമിതമാണ്. എൻ. വിയ്ക്ക് പരിസ്ഥിതി, ഭാവുകത്വത്തിനപ്പുറം കർമ്മം തന്നെയായിരുന്നു. എഴുതുന്നതിനേക്കാൾ എഴുതിപ്പിക്കുന്നതിനായിരുന്നു അദ്ദേഹം പ്രാധാന്യം നൽകിയത്. എങ്കിലും അദ്ദേഹത്തിന്റെ കവിതകളിലെ പരിസ്ഥിതി എൻ. വിയുടെ ഹരിത ആദർശങ്ങളുടെ പ്രതിഫലനങ്ങൾ തന്നെയായിരുന്നു.

എൻ. വി കവിതകളിൽ നീരൊഴുക്കുകളായും ഗ്രാമഭംഗിയായും വള്ളികളും പടർപ്പുകളുമായും പ്രകൃതി കടന്നു വരുന്നുണ്ട്. ഭാരതപ്പുഴ, വൈഗ, പുഴകൾ, ചൊവ്വര ടി. ബിയിൽ ത്രിപഥഗ എന്നീ കവിതകളിൽ സംസ്കാരവാഹകരായ പുഴകൾ ഒഴുകുകയാണ്. ഈ പുഴകളിലൂടെയുള്ള യാത്രകൾ, തീരത്തിരുന്നുള്ള ഒഴുക്കിന്റെ കാഴ്ചകൾ ഇവ രണ്ടും എൻ. വി.യ്ക്ക് തീവ്രമായ അനുഭവങ്ങളാണ്. 'ഭാരതപ്പുഴ' എന്ന കവിതയിൽ ഒരു സ്വപ്നം പോലെയാണ് കേവഞ്ചിയിൽ ഭാരതപ്പുഴയിലൂടെ യാത്ര ചെയ്യുന്നത്. അതിനിടയിൽ

'പെട്ടെന്നു കണ്ടേനനിർ-
വാച്യമാ മാവേശാലെൻ
ചുറ്റുമീ വിശ്വത്തിന്റെ
സൗന്ദര്യം വിടർന്നതായ്"

അതോടെ നിയന്ത്രണാതീതമായ ഉഗ്രമായ ചിറ തകർത്താനന്ദം ഹൃദയത്തിൽ പൊങ്ങുകയായി. ഈ ആനന്ദം അദ്ദേഹത്തിന് തീവ്രവ്യഥ മാത്രമാണ്. എങ്കിലും ആ ആനന്ദത്തിൽ അമരത്വത്തിന്നഗാധതയിൽച്ചിന്നും മുത്താലമലം കിരീടമൊന്നെന്മാവണിഞ്ഞുവോ എന്നു സന്ദേഹിക്കുന്നു. പുഴയിലൂടെയുള്ള ഒരു യാത്ര നൽകുന്ന ആനന്ദം, പുഴയുടെ സ്പർശം ഇതെല്ലാം അനശ്വരതയുടെ അനുഗ്രഹം നൽകുന്ന ഉദാത്ത അനുഭവങ്ങളായാണ് കവി പരിവർത്തിപ്പിക്കുന്നത്.

"വൈഗയെപ്പോലാണെന്റെ ജീവിതം..." എന്നാരംഭിയ്ക്കുന്ന 'വൈഗ'യിൽ മധുരയിൽ പ്രസിദ്ധമായ വൈഗാതീരത്തു നടന്ന ഒരു പുരാണകഥ കൂടി ഉൾപ്പെടുത്തുന്നുണ്ട്. ഇന്നത്തെ വൈഗയോടാണ് കവി തന്റെ ജീവിതത്തെ ഉപമിയ്ക്കുന്നത്. മുൾപ്പൊന്തകൾ നിറഞ്ഞ നിരന്തരം വിഴുപ്പലക്കിക്കൊണ്ടിരിയ്ക്കുന്ന കെട്ടിക്കിടക്കുന്ന വൈഗ... പക്ഷേ വൈഗയുടെ ഭൂതകാലമാണ് പ്രധാനം.

"മണ്ണിലെ മാലിന്യത്തെപ്പഞ്ചസാരയായ് തേനായ്
ധാന്യമായ്ച്ചാറായ്പ്പാലായ് മാറ്റിയ കുളിർവെള്ള"മാണ് വൈഗ



യിലുള്ളത്. നിർധനയായ ഒരു സ്ത്രീക്കായി മണ്ണു ചുമന്ന ഈശ്വരനിരിയ്ക്കുന്ന ക്ഷേത്രത്തിലെ മംഗളശബ്ദങ്ങൾ നദിയിൽ കലരുന്നതിലൂടെ ഈശ്വരൻ നിലാവായുദിയ്ക്കുന്നതിലൂടെ കവിത നദി പോലെ ഒഴുകുന്നു.

ഭാരതപ്പുഴയൊഴുക്കിൽ അലൗകികാനന്ദം അനുഭവിച്ച കവി വൈഗയിലെത്തുമ്പോൾ കേവലാനന്ദങ്ങളുടെ പൊരുളുകളെ ഒന്നു കൂടി വ്യക്തമാക്കുന്നുണ്ട്. വൈഗയുടെ വർത്തമാന സ്ഥിതിയുടെ നെടുവീർപ്പിൽ നിന്നാരംഭിയ്ക്കുന്ന കവിത, മാലിന്യങ്ങളെ തേനും മധുരവുമാക്കുന്ന നദി, മണ്ണു ചുമക്കാനുള്ള വിനയത്തിന്റെ ആർജ്ജവം കാണിച്ച സുന്ദരേശന്റെ സ്മരണ ഇവയുടെ സങ്കലിതങ്ങളിലൂടെ വൈഗ നൽകുന്ന ആനന്ദത്തിലെത്തി നിൽക്കുന്നു.

"എങ്ങു മനുഷ്യനു ചങ്ങല കൈകളി-
ലങ്ങെൻ കൈയുകൾ നൊന്തീടുകയാ"ണെന്നെഴുതിയ

കവിയ്ക്കു ഓരോ ജീവിതവും സാർത്ഥമാകുന്നതിനു ത്യാഗത്തിന്റെ പൂർണ്ണതയോടു കൂടി വേണമെന്നു നിർബന്ധമുണ്ട്.

'പുഴകൾ' എന്ന കവിതയിൽ കരുവന്നൂർ പുഴ, പെരിയാർ, പേരാർ എന്നീ മൂന്നു പുഴകളെയാണ് പരാമർശിക്കുന്നത്. തന്റെ ജീവിതത്തിന്റെ ഓരോ ഘട്ടവുമായി ഗാഢമായി ബന്ധപ്പെട്ടിരിക്കുകയാണ് ഓരോ പുഴയും. മറ്റൊരർത്ഥത്തിൽ ഈ പുഴകൾ കവിയുടെ ജീവിതാവസ്ഥകൾ തന്നെയാകുന്നു. ബാല്യത്തിലെ ചങ്ങാതിയായ കരുവന്നൂർ പുഴ, യൗവനത്തിൽ പരിചയപ്പെട്ട "അറിവിന്നമേയമാം ആദിശക്തിയായ" പെരിയാർ, ഭൂമിയിലെ സർവ്വ സൗന്ദര്യ പ്രകർഷമായി പിന്നീടനുഭവിച്ച പേരാർ എന്നിങ്ങനെയാണ് ഈ പുഴകളെ കവി പരിചയപ്പെടുത്തുന്നത്. ഇന്ന് ഈ പുഴകൾ സങ്കടകരമായ അവസ്ഥയിലാണെങ്കിലും കവി അവയെ ആരാധിക്കുന്നുണ്ട്. ഗംഗയിലെ വിഷജലം കണ്ട് ദു:ഖിക്കുന്ന കവി പിന്നീട് തന്റെ യാത്രകളിൽ കാണുന്ന എല്ലാ നീരൊഴുക്കുകളിലും ഈ മൂന്നു നദികളുടെ പ്രതിഫലനങ്ങളാണ് കണ്ടെത്തുന്നത്.

'ചൊവ്വര ടി. ബിയിൽ' എന്ന കവിതയിലും വീണ്ടും പെരിയാർ തന്നെയാണ് കടന്നു വരുന്നത്. പെരിയാറിന്റെ തീരത്തിരുന്നു ആ നദി കാണുന്ന കവി

"ഇത്തോപ്പിന്നിളമതിൽച്ചുവട്ടിൽപ്പാടിപ്പാടി-
യുൾതൃപ്തിയിന്നോളവും പെരിയാറടഞ്ഞീല" എന്നു നദി

യുടെ ഒഴുക്കിന്റ താളത്തെ കേൾക്കുന്ന കവി ദൂരെ നദിയിൽ ആഹ്ലാദിക്കാനെത്തിയ ടൂറിസ്റ്റുകളെയും കാണുന്നു. പിന്നീട് എഴുതുന്ന വരികൾ

"ഉഗ്രമാമേതോ വിഷം തീണ്ടിയിട്ടാവാം നദീ-
വിഗ്രഹംനിലച്ചുപോയ് തെളിനീർ കരഞ്ഞുപോയ്"

എന്നാണ്. നിറഞ്ഞൊഴുകുന്ന നിളയുടെ മീതെ; പാലത്തിൽനിന്നുകൊണ്ട് ആസന്നഭാവിയിൽ നിളയ്ക്കു വരാനിരിക്കുന്ന ദൗർഭാഗ്യങ്ങളെക്കുറിച്ചോർത്തു ആശങ്കപ്പെട്ട ഇടശ്ശേരിയുടെ വാക്കുകളുടെ അതേ പ്രവചനശക്തിയാണ് ഈ വരികൾക്കുള്ളത് എന്നു കാലം തെളിയിച്ചു.

തൊട്ടതെല്ലാം ശുദ്ധീകരിക്കുന്ന ഗംഗയാണ് 'ത്രിപഥഗ'. ആകാ
ശത്തിലൂടെ ഭൂമിയിലൂടെ മനുഷ്യശരീരത്തിലൂടെ ഒഴുകുന്ന ഈ ജല
ധാര സർവ്വവും വിമലീകരിക്കുന്നു. നീരൊഴുക്കുകളുടെ അലൗകിക
തലങ്ങൾ അവ സാക്ഷാത്കരിക്കുന്ന ധാർമ്മികതകൾ ആണ് ത്രിപ
ഥഗ സംവദിയ്ക്കുന്നത്. എൻ. വിയ്ക്കു 'കടൽ' ഒരു ആവേശവും
ഒബ്സെഷനുമാണ്. 'കടൽക്കരയിൽ സന്ധ്യ', 'കടൽക്കാക്കയെ ആര
റിയുന്നു' എന്നിവയിലാണ് പ്രധാനമായും കടൽ കയറി വരുന്നത്. കട
ലിന്റെ നിറങ്ങളെന്നു കരുതുന്ന നീലയും പച്ചയും എല്ലാം നഷ്ടപ്പെട്ട
ഒരു കടലാണ് 'കടൽ കരയിലെ സന്ധ്യ'യിലെ കടൽ. നഗരത്തിന്റെ
യന്ത്രപരിഷ്കാരത്തിന്റെ മാലിന്യം കലർന്ന കടൽ. ഇതിലെ കടൽ
എൻ. വിയ്ക്കു മാറിയ ജീവിതത്തിന്റെ നാഗരികതയുടെ പ്രതീകമാ
ണ്.

വർത്തമാന ജീവിതത്തെക്കുറിച്ചുള്ള എൻ. വിയുടെ എല്ലാ
ആകുലതയും വ്യാകുലതയും വെളിപ്പെടുത്തുന്ന കവിതയാണ്
'കടൽക്കാക്കയെ ആരറിയുന്നു'. കടലിനു ചിഹ്നമിട്ട് എൻ. വി നിര
ത്തുന്ന ഒട്ടേറെ കാര്യങ്ങളുണ്ട്. കോൺക്രീറ്റ് വിങ്ങൽ, കള്ളക്കടത്തിന്റെ
നക്കാപ്പിച്ച നാറും ചെളി, ചെറ്റത്തരങ്ങൾ, അടി, കുത്ത്... ഇങ്ങനെ
ഇതു നീളുന്നു. ശീലങ്ങൾ കടലിനെ ഇങ്ങനെയൊക്കെയാണ് പരിച
യപ്പെടുത്തുന്നത് എന്നതാണ് കവിയുടെ ദു:ഖം. ഇതിനെല്ലാമിടയിൽ
കടലിനു മാത്രം സ്വന്തമായ കടൽക്കാക്കയെ ആരാണറിയുന്നത് എന്ന
വിഷാദ സങ്കുലമായ ചോദ്യം ബാക്കിയാകുന്നു. കടൽക്കാക്ക കടലിന്റെ
സംസ്കാരത്തിന്റെ പ്രതിനിധിയാണ്. ആരും തിരിച്ചറിയാത്ത
സംസ്കൃതി തിരകളുടെ മേലിരിയ്ക്കുമ്പോഴുള്ള പക്ഷിയുടെ ശാന്തത,
അതിന്റെ ചിറകുകൾ തീർക്കുന്ന വർത്തുളതകൾ, സമാധിയിലുണ
രുന്ന അനന്തനീലാനന്ദസൗന്ദര്യം, ഹൃദയസ്പന്ദങ്ങൾ, ഇതൊന്നും
ആരും അറിയുന്നില്ല. ദൂരദേശങ്ങളുടെ മിടിപ്പുകൾ കലർന്നതാണ് ദേശാ
ടനം നടത്തുന്ന കടൽക്കാക്കയുടെ ഹൃദയസ്പന്ദനങ്ങൾ. എന്നും യാത്ര
കൾ ഇഷ്ടപ്പെട്ടിരുന്ന 'ലോകമേ തറവാട'ായ കവിയുടെ വ്യഥ ഈ
മിടിപ്പുകൾ 'അധോമുഖവാമനന്മാ'രെക്കുറിച്ചോർത്താണ്. ഇവിടെ
കടൽക്കാക്ക സർഗ്ഗാത്മഗതയുടെ പ്രതീകമാണ്. 'കായിൻ പേരിൽ പൂവി
നെമതിക്കുന്ന'വരിൽ ബാക്കിയാവുന്നതു ഉപഭോഗതൃഷ്ണകൾ മാത്ര
മാണ്. പുതിയ ലോകങ്ങളിലേയ്ക്കും സംസ്കാരങ്ങളിലേയ്ക്കും തുറ
ക്കുന്ന കടൽ ഇന്നു ഉപയോഗിതയിലേക്കു മാത്രം പരന്നു കിടക്കുന്നു.

എൻ. വിയും പരിസ്ഥിതിയും എന്നു കൂട്ടി വായിക്കുമ്പോൾ
ആദ്യം ഓർമ്മിക്കുന്ന കവിത 'മരങ്ങളും വള്ളികളും' ആണ്. തറവാട്
വീട്, അവിടത്തെ പാമ്പിൻകാവ്, അതിലെ ജൈവസമൃദ്ധി ഇവയിലേ
ക്കെല്ലാം തിരിച്ചു പോകുന്ന കവിതയാണിത്. കേവല ഗൃഹാതുരത
യല്ല എന്നിട്ടും ഈ കവിതയിലെ ഭാവം. ദേശത്തെ കുട്ടികൾക്ക് മുഴു
വൻ തിന്നാനുള്ള ചുളയുള്ള അയിനി, തൊട്ടാൽ ശരീരമൊക്കെ
തിണർക്കുന്ന ചേര്, ദുർമണമുള്ള കാവള, ചേരിന്നു ഔഷധമായി
നിൽക്കുന്ന താന്നി, ഓടപ്പഴം തിന്നാൻ വരുന്ന മരപ്പട്ടികൾ, ഊഞ്ഞാൽ
വള്ളികൾ, ഓടലെണ്ണ വിളക്കിന്റെ മണം എന്നിങ്ങനെ പ്രകൃതിയെ
സൗന്ദര്യ വൈരൂപ്യങ്ങളുടെ അതിർവരമ്പുകളില്ലാതെ അതിന്റെ സ്വാഭാ



വികമായ ജൈവികതയിൽ പ്രത്യക്ഷപ്പെടുത്തുന്നു എന്നതാണ് ഈ
കവിതയുടെ പ്രാധാന്യം.

കവിതയുടെ രണ്ടാം ഭാഗത്തിലെത്തുമ്പോൾ പാമ്പിൻകാവും
മരങ്ങളും ഊഞ്ഞാൽ വള്ളികളും കാലഹരണപ്പെട്ടു കഴിഞ്ഞിരിക്കുന്നു.
കവി പക്ഷേ നെടുവീർപ്പിടുന്നത് "അസ്പഷ്ടാനുഭൂതികളുമില്ല..."
എന്നാണ്. പകരം ലഭിച്ചത് ലക്ഷം വീട്, ദാരിദ്ര്യം... പ്രകൃതിയിൽ നിന്നു
വിഘടിച്ച് പുരോഗമനത്തിലെത്തുമ്പോൾ ലഭിക്കുന്നത് മനുഷ്യജീവി
തങ്ങളിലുണ്ടാകുന്ന നഷ്ടങ്ങളാണ്. കേവലമൊരു ഗൃഹാതുരത്വ കവി
തയിൽ നിന്നുള്ള ഈ ഉയർച്ചയാണ് ഈ കവിതയുടെ വ്യതിരിക്ത
തയും. സ്ത്രീകൾ ഇപ്പോൾ തിരുവാതിര ഊഞ്ഞാലുകളിലല്ല, 'പിഞ്ഞി
പ്പൊട്ടും ലോകമര്യാദപ്പഴഞ്ചാക്കു നൂൽകളി'ലാണ് ഊയലാടുന്നത് എന്നു
കവിത അവസാനിക്കുന്നു. സ്വാതന്ത്ര്യ പ്രഖ്യാപനങ്ങളിലെല്ലാം
സ്ത്രീകൾക്ക് നേരെയുള്ള ലോകമര്യാദകൾക്കു സംഭവിയ്ക്കുന്ന പാളി
ച്ചകൾ ഈ വരികളിൽ ധ്വനിക്കുന്നു.

"മർദ്ദകനായി സുഖിക്കുന്നതിനെക്കാളും കാമ്യം
മർദ്ദിതനായി ദു:ഖഭാരത്തെ പേറുന്നതാം" എന്നു എൻ.
വി. പുഴകൾ, മരങ്ങൾ, വള്ളികൾ വിഷയം ഇങ്ങനെയാകുമ്പോഴും
ഇത്തരത്തിലുള്ള ബഹുസ്വരതകളിലൂടെ എൻ. വി എന്ന ഹ്യൂമനിസ്റ്റ്
ഈ വരികളിൽ ഉജ്ജ്വലനാകുന്നു.

എൻ. വിയുടെ പരിസ്ഥിതി ദർശനം വ്യക്തമാകുന്നതു കുറച്ച്
പഴയ ഒരു കവിതയിലാണ്. കഥാകാവ്യമായ 'ഒരു പഴങ്കഥ' എന്ന
കവിത പ്രകൃതിയെ അതിന്റെ സാകല്യത്തിൽ ആവിഷ്കരിയ്ക്കുന്നു.
തന്നിലെ തത്ത്വത്തെ കണ്ടെത്താൻ തപം ചെയ്യുന്ന മുനി തപസ്സിനു
വിഘ്നം വരുത്തുന്ന തന്റെ ഇന്ദ്രിയങ്ങളുടെ അടക്കത്തെ മനോഹര
ഗാനത്താൽ കുതറിക്കുന്ന കുയിലിനെ യോഗദണ്ഡെറിഞ്ഞ് കൊല്ലുന്നു
പക്ഷേ,

' സത്യവും സൗന്ദര്യവും സ്നേഹവുമൊരേ വസ്തു
സംത്യജിച്ചിതിലൊന്നു മറ്റതു നേടാനാകാ" എന്നും
"എന്നു നീ നീയായ്ക്കാണും പുല്ലിനെ പറവയെ
അന്നു കൈവരും നിനക്കൊരു വിജ്ഞാനാനന്ദം" എന്നും
അശരീരി ഉണ്ടാകുന്നു. പിന്നെ മുനിയിൽ അത്ഭുതകരമായ മാറ്റങ്ങൾ
ഉണ്ടാകുന്നു. അദ്ദേഹമെത്തുമ്പോൾ ചെടികൾ കുനിഞ്ഞ് ചുംബിക്കും,
മൃഗങ്ങൾ മെയ്യുരുമ്മി ഉമ്മ വച്ച് ചുറ്റും കൂടും, തലയിലും തോളിലും
കിളികൾ വന്നിരിയ്ക്കും, കല്ലുകൾ പോലും ആ പാദസ്പർശത്തിൽ
ഹർഷവിവശയായി. അദ്ദേഹത്തിന്റെ ഈ ജീവിത രീതിയെ

"ഒന്നായ് പോൽ പ്രേമത്തിനാലവനും പ്രകൃതിയും
ഇന്നി വേറുണ്ടോ കൊതിച്ചീടുവാൻ നിശ്രേയസം?" എന്നാണ്
കവി പരിചയപ്പെടുത്തുന്നത്.

പ്രകൃതിയോട് പുലർത്തേണ്ട ധർമ്മത്തെക്കുറിച്ചുള്ള കാഴ്ച്ച
പ്പാടാണ് ഈ കവിത. പ്രകൃതിയെ അതിന്റെ സാകല്യത്തിൽ കാണുക
എന്നതാണ് ഏറ്റവും ലളിതമായി പറഞ്ഞാൽ ആ ആദർശം. വലുത്-
ചെറുത്, മനുഷ്യൻ- മൃഗം എന്നീ ഭേദഭാവങ്ങളിൽ നിന്നു മുക്തനാകു

മ്പോൾ വിശുദ്ധവിജ്ഞനാകുന്നുവെന്ന് ഭഗവദ്ഗീത. ഓരോ പ്രാണിയ്ക്കും ഭുമിയിലുള്ള അവകാശത്തെ അംഗീകരിയ്ക്കുന്ന ഭൗമ സദാചാരത്തെ ഉൽക്കൊള്ളുന്ന ഒരാളാണ് ജ്ഞാനി. പ്രകൃതിയെ ആത്മീയമായി അറിയുവാൻ പ്രേരിപ്പിക്കുകയാണ് ഈ കവിതകൾ. അദ്ദേഹത്തിന്റെ പുഴക്കവിതകളും സംവദിയ്ക്കുന്നത് ഇതുതന്നെയാണ്.

മഴവില്ലും ചൂരൽവടി'യും ഈ ചിന്തകളെ അടിവരയിട്ട് നിർത്താം. മഴവില്ല് ഈശ്വരന്റെ വാഗ്ദാനമാണ്. ശാന്തമായ പ്രകൃതി എന്ന വാഗ്ദാനം പക്ഷേ അധീശത്വത്തിന്റെ പ്രതീകമായ ചൂരൽവടി കുനിഞ്ഞെടുക്കുന്ന മനുഷ്യൻ അപ്പോൾ മഴവില്ല് അപ്രത്യക്ഷമാകുന്നതു അറിയുന്നതു പോലുമില്ല എന്നതാണ് ഏറ്റവും വലിയ ദുരന്തം. മഴവില്ല് / ചൂരൽവടി എന്നിങ്ങനെ ഒരു തെരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യം മുൻപിൽ നിരത്തി വിരമിയ്ക്കുകയാണ് ഈ കവിത. തെരഞ്ഞെടുപ്പിന്റെ വിവേകിതയുടെ ഓർമ്മപ്പെടുത്തലാണ് ഇതെന്നല്ല എല്ലാ പരിസ്ഥിതിക്കവിതകളുടെയും കാതൽ.